ശ്രീമതി ശോഭനാ ജോർജ് :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പിലെ കോൺട്രാക്ട് ജോലികൾ നടത്തിയ വകയിൽ കോൺട്രാക്ടർമാർക്ക് 31.05.99-ലെ കണക്ക് പ്രകാരം എന്ത് തുക കൊടുത്തു തീർക്കുവാനുണ്ട്;

(ബി) രണ്ട് വർഷമോ അതിനുമുമ്പോ ഉള്ള കാലയളവിൽ തീർത്ത പണികൾക്ക് എന്ത് തുക കൊടുത്ത് തീർക്കുവാനുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 8434.6 ലക്ഷം രൂപ.

(ബി) 2274.22 ലക്ഷം രൂപ.

77 (473) കടലാക്രമണംമൂലമുള്ള നാശനഷ്ടങ്ങൾ

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുവർഷം കടലാക്രമണംമൂലം സംസ്ഥാനത്ത് എന്തൊക്കെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) കടലാക്രമണം തടയുന്നതിന് കഴിഞ്ഞ മൂന്നുവർഷങ്ങളിലായി ഓരോ തീരദേശ ജില്ലകളിലും 'സീ ഇറോഷൻ റീഫോർമേഷൻ സ്കീമിൽ' എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്ലാൻ സ്കീമിലും നോൺ പ്ലാൻ സ്കീമിലുമായി ഈ കാലയളവിൽ നടത്തിയ പണികളുടെ കരാറുകാർക്ക് എന്ത് തുക കൊടുത്തുതീർക്കാനുണ്ട്; സ്കീം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ഡി) ഇപ്രകാരം കുടിശ്ശികയായ തുക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നാശനഷ്ടങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.†

(ബി) ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.†

(സി) കരാറുകാർക്ക് നൽകുവാനുള്ള തുകയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (സി) ആയി ചേർത്തിരിക്കുന്നു.†

(ഡി) 1999-2000 വർഷത്തിൽ പ്ലാൻ ഇനത്തിൽ 163.3 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 350.62 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ വകയിരു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിട്ടുള്ളത്. കുടിശ്ശിക കൊടുത്തുതീർക്കുവാനുള്ള തുക കണ്ടെത്തേണ്ടിയിരിക്കുന്നു.

78 (474) കടലാക്രമണം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിൽ ഓമനപ്പുഴ, കാട്ടൂർ, ചെത്തി കടൽത്തീരങ്ങളിൽ കടൽഭിത്തി കെട്ടണമെന്ന് മൂന്നുവർഷങ്ങളായി തുടർച്ചയായി ആവശ്യപ്പെട്ടിട്ടും നാളിതുവരെ യാതൊരു നടപടികളും സ്വീകരിക്കാതിരുന്നതിന് കാരണം വ്യക്തമാക്കുമോ;

(ബി) എല്ലാവർഷവും ഈ പ്രദേശം കാലവർഷത്തിൽ കടലാക്രമണത്തിന് വിധേയമാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാരാരിക്കുളം നിയോജകമണ്ഡലത്തിൽ നിലവിലുള്ള കടൽഭിത്തികളിൽ റിപ്പയർ പ്രവൃത്തികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാരാരിക്കുളം നിയോജകമണ്ഡലത്തിൽ ഓമനപ്പുഴ, കാട്ടൂർ, ചെത്തി കടൽത്തീരങ്ങളിൽ അറ്റകുറ്റപണികൾ നടത്തുന്നതിന് പലപ്രാവശ്യം ദർഘാസ് ക്ഷണിച്ചുവെങ്കിലും കുടിശ്ശിക പണം നൽകാത്തതിനാൽ കോൺട്രാക്ടർമാർ പുതിയ പണികൾ ഏറ്റെടുക്കാൻ മുന്നോട്ട് വന്നിട്ടില്ല.

(ബി) ഉണ്ട്.

(സി) മാരാരിക്കുളം നിയോജകമണ്ഡലത്തിൽ നിലവിലുള്ള കടൽഭിത്തികളിൽ റിപ്പയർ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടത്തുന്നതാണ്.

79 (475) നെയ്യാർ ഡാമിന്റെ സുരക്ഷ ഉറപ്പാക്കുവാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ കാലവർഷം മുന്നിൽക്കണ്ടുകൊണ്ട് നെയ്യാർ ഡാമിന്റെ സുരക്ഷ ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഷട്ടറുകൾ നിശ്ചിതസമയത്ത് ഉയർത്തുവാനും താഴ്ത്തുവാനും അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതായി അറിയുമോ;

(സി) കനാലുകളിലൂടെ സുഗമമായി ജലം ഒഴുകുവാൻ കനാലുകളിൽ അടിഞ്ഞ മണ്ണുമാറ്റൽ തുടങ്ങിയ ജോലികൾ നടത്തിയിട്ടുള്ളതായി അറിയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly